**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6685** **11-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ സ്കൂളുകളിലും സ്കൂൾ പരിസരങ്ങളിലും വിദ്യാർത്ഥികൾ ലഹരി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയാൻ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സ്കൂളുകളിലും സ്കൂൾ പരിസരങ്ങളിലും വിദ്യാർത്ഥികൾ ലഹരി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരി വ്യാപനം തടയാൻ മുൻ കരുതൽ എന്ന നിലയ്ക്ക് 2024-2025 അദ്ധ്യയന വർഷം ലഹരി വിരുദ്ധ ക്യാമ്പയിൻ നടത്തിപ്പിലേയ്ക്കായി ഒന്നരക്കോടി രൂപയുടെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. ഈ അദ്ധ്യയന വർഷം പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽ ഹൈസ്കൂൾ തലത്തിൽ ജീവിത ശൈലിയുമായി ബന്ധപ്പെട്ട് ലഹരിയുടെ ദുരുപയോഗം വ്യക്തമാക്കുന്ന പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജൂൺ 26 ന് ആന്റി - ഡ്രഗ് പാർലമെന്റ്, ഒക്ടോബർ 2 ന് സംവാദ സദസ്, നവംബർ 1 ന് മുഖ്യമന്ത്രിയുടെ ലഹരി വിരുദ്ധ സന്ദേശം, നവംബർ 14 ന് ശിശു ദിന അസംബ്ലി,ഡിസംബർ 10 ന് ലഹരി വിരുദ്ധ സെമിനാർ, ജനുവരി 30 ന് ക്ലാസ് സഭ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ തലത്തിൽ രൂപീകരിച്ച ജാഗ്രതാ സമിതി, ജാഗ്രതാ ബ്രിഗേഡുകൾ, ജാഗ്രതാ കോ-ഓർഡിനേറ്റർമാർ എന്നിവരെ ശാക്തീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കു ന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. നേതൃത്വ പരിശീലന പരിപാടികൾ, രക്ഷകർതൃ വിദ്യാഭ്യാസം, പ്രാദേശിക സംവാദ സദസുകൾ എന്നിവ പ്രവർത്തനങ്ങളുടെ ഭാഗമാകും. കുട്ടികളുടെ ശ്രദ്ധയെ കൂടുതൽ ഉത്പാദനക്ഷമവും ഫലപ്രദവുമായ രീതിയിൽ കൊണ്ടു വരുന്നതിന് വൈവിധ്യമാർന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ (കലാ-കായികം) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി തലത്തിൽ സൗഹൃദ കോ-ഓർഡിനേറ്റർമാർ മുഖേന 1650 ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ രണ്ടാം വർഷ വിദ്യാർത്ഥികൾ ഉൾപ്പെടെ എല്ലാ വിദ്യാർത്ഥികൾക്കും ഈ അദ്ധ്യയന |

| | | | |
|---|---|---|---|
| | | | വർഷം വർക്ക് ഷോപ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>ഹയർ സെക്കന്ററി വിഭാഗത്തിൽ സ്കൂളുകളിലെ ലഹരി ഉപയോഗം തടയുന്നതിന് കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസിലിന്റെയും, എസ് പി സി, എൻ എസ് എസ്, സ്കൗട്ട് ആൻഡ് ഗൈഡ്സ് തുടങ്ങിയ അനുബന്ധ ഏജൻസികളുടെ പ്രവർത്തനങ്ങളിലൂടെ ലഹരി വിരുദ്ധ പ്രചാരണവും, ബോധവൽക്കരണവും നടത്തുന്നുണ്ട്. സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ സർക്കാർ നിർദ്ദേശിച്ച മാതൃകയിൽ ലഹരി വിരുദ്ധ ക്യാമ്പയിനുകളും, പ്രോഗ്രാമുകളും നടന്നു വരുന്നു.<br><br>വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ലഹരി ഉപയോഗത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ചും ലഹരി വ്യാപനം തടയുന്നതിനും വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ തനത് പരിപാടികളും എക്സൈസ് വകുപ്പ്, പോലീസ് വകുപ്പ് എന്നിവരുടെ സഹകരണത്തോടെ കൂട്ടായും കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ, നാഷണൽ സർവ്വീസ് സ്കീം (NSS) പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി<br><br>Yellow line campaign, Habit state, Health &Arena, ജാഗ്രതാ മതിൽ, ഫ്ലാഷ് മോബുകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് സ്കൂളുകളിലും പരിസരങ്ങളിലും ലഹരി വില്പന നടത്തുന്നവരെ പിടികൂടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഇവരെ നിരീക്ഷിക്കുവാൻ നിലവിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് സ്കൂളുകളിലും പരിസരങ്ങളിലും ലഹരി വിൽപ്പന നടത്തുന്നവർക്ക് എതിരെ എക്സൈസ് വകുപ്പ് ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുന്നുണ്ട്. സ്കൂളുകൾ നിരീക്ഷിക്കുന്നതിനും ലഭിക്കുന്ന വിവരങ്ങൾ എക്സൈസ് വകുപ്പിന് നൽകുന്നതിനും ജന ജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ